**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6592** **21-03-2023 - ൽ മറുപടിയ്ക്ക്**

**തിരൂർ നിയോജക മണ്ഡലത്തിലെ റോഡുകളും പാലങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തിരൂർ നിയോജക നിയോജകമണ്ഡലത്തിലെ തകർന്ന റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | തിരൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന 125.00കി.മീ. പൊതുമരാമത്ത് റോഡുകളിൽ 7.00കി.മി. വിവിധ പ്രവൃത്തികൾക്കായി കെ.ആർഎഫ്ബി യുടെ കൈവശമാണ്. നിലവിൽ 2 പ്രവൃത്തികൾ (മാങ്ങാട്ടിരി - പൂക്കൈത പുല്ലൂണി റോഡ് പ്രവൃത്തി, താനാളൂർ പുത്തനത്താണി റോഡ് പ്രവൃത്തി) നടന്നുകൊണ്ടിരിക്കുന്നു. പ്രസ്തുത രണ്ട് പ്രവൃത്തികളും കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിച്ച് റിസ്റ്റോറേഷൻ പ്രവൃത്തി നടത്താനിരിക്കുകയാണ്. റെസ്റ്റോറേഷൻ പ്രവൃത്തി ലെവൽ അപ്രൂവൽ കഴിഞ്ഞ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഇൻസ്പെക്ഷൻ കഴിഞ്ഞ് തുടങ്ങുന്നതാണ്. കൂടാതെ പട്ടർനടക്കാവ് - ഏഴൂർ റോഡിൽ കി.മീ. 7/900 മുതൽ 8/100നും ഇടയിൽ റോഡ് റണ്ണിങ്ങ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരികയാണ്. |
| (ബി) | പ്രവൃത്തികൾ നടന്നു വരുന്ന റോഡുകളുടെയും പാലങ്ങളുടെയും പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും, ഓരോ പ്രവൃത്തിയും എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വിശദ വിവരം ലഭ്യമാക്കുമോ; | (ബി) | റോഡ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി.<br><br>**1.** മാങ്ങാട്ടിരി - പൂക്കൈത പുല്ലൂണി റോഡ് 24.06.2021 ന് സൈറ്റ് കൈമാറി ഡ്രെയിൻ/ കൾവർട്ട്/കോൺക്രീറ്റ് റോഡ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ പ്രവൃത്തി നടത്തുന്നതിനായി താൽക്കാലികമായി നിർത്തിവച്ചിരുന്നു. കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ പ്രവൃത്തി നടത്തിയത് അനുമതി നൽകിയതിനേക്കാൾ അധികമായതിനാൽ, അധികമായ തുക അടവാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് വരുന്നു. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും അധിക തുക ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കും. |

| | | | |
|---|---|---|---|
| | | | **2.** താനാളൂർ പുത്തനത്താണി റോഡ് 02.05.2022 ന് കൈമാറി ഡ്രെയിൻ, കൾവർട്ട് വർക്ക് പൂർത്തീകരിച്ച് വരികയാണ്. ഇതിൽ കേരള വാട്ടർ അതോറിറ്റി ജെ.ജെ.എം. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആർ.ഓ.ഡബ്ല്യു പോർട്ടൽ വഴി അപേക്ഷ സമർപ്പിച്ചതു പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കൽ പൂർത്തീകരിക്കാത്തതിനാൽ പൊതു മരാമത്ത് വകുപ്പ് പ്രവൃത്തികൾ തുടരാൻ സാധിച്ചിട്ടില്ല.<br><br>പാലങ്ങൾ വിഭാഗത്തിന് കീഴിൽ “**Construction of Approach Road for the Tirur Town Parallel ROB in Tirur LAC in Malappuram District**” എന്ന പ്രവൃത്തി നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ താഴെപ്പാലം ഭാഗത്ത് - നിർമ്മിക്കാനുള്ള ഒരു ബോക്സ് സ്ട്രക്ചർ പൂർത്തീകരിച്ചു. ബസ് സ്റ്റാൻഡ് ഭാഗത്ത് നിർമ്മിക്കാനുള്ള നാല് ബോക്സ് സ്ട്രകചറിൽ ഒന്ന് പൂർത്തീകരിച്ചു. ഒന്ന് പൂർത്തീകരണ ഘട്ടത്തിലാണ് മൂന്നാമത്തെ ബോക്സ് സ്ട്രക്ചർ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തി നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കിഫ്ബി അംഗീകാരം നൽകിയ ഓരോ പ്രവൃത്തികളും നിലവിൽ ഏത് സ്ഥിതിയിലാണെന്നും ഓരോ പ്രവൃത്തികളും എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ? | (സി) | തിരൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടു കൂടി കെ.ആർ.എഫ്.ബി - പി.എം.യൂ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു<br><br>1.തീരദേശ ഹൈവേ റീച് **1** പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള റോഡിന്റെ തിരൂർ മണ്ഡലത്തിൽ വരുന്ന ആശാൻപടി മുതൽ ആലുംചുവട് വരെ ഉള്ള ഭാഗത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ **70%** പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ **KSEB** ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.<br><br>**2.** തിരൂർ-കടലുണ്ടി റോഡ് - പ്രസ്തുത റോഡിന്റെ നിർമാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിൽ ആണ്. നിലവിൽ **99.5%** പുരോഗതി കൈവരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ കാലാവധി **31.03.2023** വരെ നീട്ടിയിട്ടുണ്ട്<br><br>**3.** പനമ്പാലം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. അപ്രോച്ച് റോഡ് നിർമിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് 01/08/2022 ന് |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള contingency ചാർജ് 4,65,237 രൂപ കിഫ്ബി യിൽ നിന്നും അനുവദിച്ചിട്ടുണ്ട്. അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നതോടുകൂടി അപ്രോച്ച് റോഡിന്റെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>ആർ.ബി.ഡി.സി.കെ-യുടെ കീഴിൽ പുരോഗമിക്കുന്ന തിരുനാവായ - തവനൂർ പുഴപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s.ULCSS എന്ന കമ്പനിയുമായി നെഗോസിയേഷൻ ആവശ്യപ്പെടുകയും ആയതിൽ കമ്പനി 48.83 കോടി രൂപ ആയി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ